"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- ജീവനക്കാര്യം- മൊബൈൽ കോടതികളായി പ്രവർത്തിച്ചു വന്നതും നിലവിൽ റഗുലർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളായി മാറ്റിയതുമായ അഞ്ച് കോടതികളിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.85/2025/HOME തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം. 211/2024/ആഭ്യന്തരം, തീയതി 19.09.2024
2. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 03.10.2024, 19.03.2025 തീയതികളിലെ 3183/ഡി/2024/ഡിജിപി നം കത്തുകൾ

**<u>ഉത്തരവ്</u>**

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ അനുവദിച്ചിരുന്ന 6 മൊബൈൽ കോടതികളെ റഗുലർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളാക്കി മാറ്റുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഉണ്ടായിരിക്കേണ്ടത് അനിവാര്യമായതിനാൽ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തിക നിലവിലുള്ള ആലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഒഴികെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ അനുവദിച്ച കോടതികളിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II-ന്റെ ഓരോ തസ്തിക വീതം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.മുൻപ് മൊബൈൽ കോടതികളായി പ്രവർത്തിച്ചു വന്നതും നിലവിൽ റഗുലർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളായി മാറ്റിയതുമായ താഴെപ്പറയുന്ന കോടതികളിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II -ന്റെ **അഞ്ച്** തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

| **കോടതിയുടെ പേര്** | **ജില്ല** | **അനുവദിച്ച തസ്തിക** |
|---|---|---|

| | | |
|---|---|---|
| ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി IV, തിരുവനന്തപുരം | തിരുവനന്തപുരം | 1 |
| ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി II, കോട്ടയം | കോട്ടയം | 1 |
| ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി III, എറണാകുളം | എറണാകുളം | 1 |
| ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി II, കോഴിക്കോട് | കോഴിക്കോട് | 1 |
| ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി III, കണ്ണൂർ | കണ്ണൂർ | 1 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (with C/L)

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം (with C/L)

ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, കേരളം, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്), തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്,കണ്ണൂർ

പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നമ്പർ- 2920 തീയതി 07.05.2025)

ധനകാര്യ വകപ്പ് (വ്യയം- എ4/716/2024-ധന നമ്പർ കുറിപ്പ് പ്രകാരം)

വെബ് & ന്യൂസ് മീഡിയ (സർക്കാർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്)

കരുതൽ ഫയൽ'/ഓഫീസ് കോപ്പി (E- 2911017)

ഉത്തരവിൻ പ്രകാരം

Signed by
Sheena. S
Date: 08-05-2025 17:11:17

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-05-2025

ഫയൽ നം. എസ്1/162/2024/ആഭ്യന്തരം. ഇനം നം: 2920

വിഷയം : ആഭ്യന്തര വകുപ്പ് - മുൻപ് മൊബൈൽ കോടതികളായി പ്രവർത്തിച്ചു വന്നതും നിലവിൽ റഗുലർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളായി മാറ്റിയതുമായ കോടതികളിൽ 5 അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT

6-30 pm

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : എസ് 1/162/2024-ആഭ്യന്തരം |
| 2. | വകുപ്പ് | : ആഭ്യന്തര (എസ്) വകുപ്പ് |
| 3. | വിഷയം | : ആഭ്യന്തര വകുപ്പ്- മുൻപ് മൊബൈൽ കോടതികളായി പ്രവർത്തിച്ച് വന്നതും നിലവിൽ റഗുലർ ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളായി മാറ്റിയതുമായ കോടതികളിൽ 5 അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 14.03.2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീ. നവീൻ കൃഷ്ണൻ ജി ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 03.04.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 22.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 25.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 28.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ അനുവദിച്ചിരുന്ന 6 മൊബൈൽ കോടതികളെ റഗുലർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളാക്കി മാറ്റിയതിനാൽ, ഇവയിൽ ആലപ്പുഴ ഒഴികെയുള്ള മറ്റ് 5 കോടതികളിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്,കണ്ണൂർ എന്നിവിടങ്ങളിൽ അനുവദിച്ചിരുന്ന 6 മൊബൈൽ കോടതികളെ റഗുലർ ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളാക്കി മാറ്റുന്നതിന് 19.09.2024 ലെ സ.ഉ.(കൈ) നം. 211/2024/HOME പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എസ്.ആർ.ഒ നമ്പർ 317/2025 വിജ്ഞാപനപ്രകാരം പഴയ മൊബൈൽ കോടതികളുടെ പേര് ഇനിപ്പറയുന്ന പ്രകാരം പുനർനാമകരണം ചെയ്തിട്ടുണ്ട്.

- തിരുവനന്തപുരം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (മൊബൈൽ) കോടതി- തിരുവനന്തപുരം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി IV.
- ആലപ്പുഴ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (മൊബൈൽ) കോടതി- ആലപ്പുഴ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി II.
- കോട്ടയം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (മൊബൈൽ) കോടതി- കോട്ടയം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി II.
- എറണാകുളം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (മൊബൈൽ) കോടതി- എറണാകുളം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി III.
- കോഴിക്കോട് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (മൊബൈൽ) കോടതി- കോഴിക്കോട് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി II.

- കണ്ണൂർ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (മൊബൈൽ) കോടതി- കണ്ണൂർ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി III.

3. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഉണ്ടായിരിക്കേണ്ടത് അനിവാര്യമായതിനാൽ, 22.07.2016 ലെ GO(P) 102/2016/Fin പ്രകാരമുള്ള പ്രൊഫോർമ സഹിതം അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II ന്റെ ആറ് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ സമർപ്പിച്ചു.

4. പ്രസ്തുത നിർദേശത്തിൻ മേൽ ധനകാര്യ വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

*"പുതുതായി രൂപീകരിച്ചിട്ടുള്ള 6 കോടതികളിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തിക ഇല്ലാത്ത കോടതികളിൽ ഒരു തസ്തിക വീതം സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു.*

*ഇതിനു ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

5. തുടർന്ന്, ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

6. എന്നാൽ കൂടുതൽ പരിശോധനയിൽ, ആലപ്പുഴ ജെ.എഫ്.സി.എം കോടതിയിൽ (മുൻ മൊബൈൽ കോടതി) 26/02/2021 തീയതിയിലെ സ.ഉ.(കൈ).നം.73/2021/ആഭ്യന്തരം പ്രകാരം അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തിക ഇതിനകം സൃഷ്ടിച്ചിട്ടുണ്ടെന്ന് കണ്ടെത്തി. അതിനാൽ, 5 അധിക തസ്തികകൾ മാത്രമേ ആവശ്യമുള്ളൂ. അതനുസരിച്ച്, പുതുക്കിയ പ്രൊഫോർമ സഹിതം പുതിയ പ്രൊപ്പോസൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ സമർപ്പിച്ചിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

താഴെപ്പറയുന്ന ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II ന്റെ അഞ്ച് തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ:-

| കോടതിയുടെ പേര് | ജില്ല | അനുവദിക്കേണ്ട തസ്തിക |
|---|---|---|
| ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി IV, തിരുവനന്തപുരം | തിരുവനന്തപുരം | 1 |
| ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി II, കോട്ടയം | കോട്ടയം | 1 |
| ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി III, എറണാകുളം | എറണാകുളം | 1 |
| ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി II, കോഴിക്കോട് | കോഴിക്കോട് | 1 |
| ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി III, കണ്ണൂർ | കണ്ണൂർ | 1 |